## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3226** | **19.06.2018-ൽ മറുപടിയ്ക്ക്**

**അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, ഐ.ബി. സതീഷ്<br>,, റ്റി.വി.രാജേഷ്<br>,, വി. കെ. സി. മമ്മത് കോയ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് നഗര പ്രദേശങ്ങളുടെ ആധുനികവത്കരണത്തിന് സാമ്പത്തിക സഹായം നൽകുന്ന അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അമൃത് പദ്ധതി പ്രകാരം 2356 കോടി രൂപയുടെ 389 പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഇതിനായി ഏതെല്ലാം നഗരങ്ങളെയും പട്ടണങ്ങളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഏതെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | അമൃത് പദ്ധതിയിൽ സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളെയും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, കണ്ണൂർ) മൂന്ന് മുനിസിപ്പാലിറ്റികളെയും (ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ) ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു<br>കുടിവെള്ള പദ്ധതികൾ - 96<br>സിവറേജ് / സെപ്റ്റേജ് പദ്ധതികൾ - 49<br>സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികൾ - 113<br>അർബൻ ട്രാൻസ്പോർട്ട് പദ്ധതികൾ - 60<br>ഓപ്പൺ സ്പേസ് / പാർക്ക് - 71 |
| (സി) | മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപടി ക്രമങ്ങളിൽ നിന്നും എപ്രകാരമെല്ലാം വ്യത്യസ്തമാണ് അമൃത് പദ്ധതിയുടെ നടപടി ക്രമങ്ങൾ എന്ന് വിശദമാക്കാമോ; | (സി) | മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും വ്യത്യസ്തമായി അമൃത് പദ്ധതിയിൽ മിഷൻ നഗരങ്ങളിൽ ഭരണ പരിഷ്കാരങ്ങളും (54 നാഴിക കല്ലുകൾ ഉൾപ്പെടുന്ന) കാര്യശേഷി വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പദ്ധതി പ്രകാരം ഭരണാനുമതി നൽകി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡി.പി.ആർ.തയ്യാറാക്കിയിട്ടുള്ള 384 പദ്ധതികളിൽ (2233 കോടി രൂപ) 383 പദ്ധതികൾക്ക് ( 2232 കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 332 പദ്ധതികൾക്ക് (1527 കോടി രൂപ) സാങ്കേതികാനുമതി ലഭിക്കുകയും 313 പദ്ധതികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 592 കോടി രൂപയുടെ 164 പദ്ധതികൾ നിർവ്വഹണത്തിലാണ്.<br>കേരള വാട്ടർ അതോറിറ്റിയും നഗരസഭകളുമാണ് പദ്ധതികളുടെ നിർവ്വഹണ ചുമതല ഏറ്റെടുത്തിട്ടുള്ളത്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ ചേർന്നുവരുന്നു. പദ്ധതികളുടെ സുഗമമായ നിർവ്വഹണത്തിനായി കരാർ വ്യവസ്ഥയിൽ അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ പദ്ധതികളും മിഷൻ കാലാവധിയായ മാർച്ച് 2020 ന് മുമ്പായി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ